## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 627 19-03-2013 ലെ മറുപടിയ്ക്ക്

### ഭാഗ്യക്കുറി വകുപ്പ് നവീകരിക്കാൻ നടപടി

**ചോദ്യം**
**ശ്രീ.ആർ.രാജേഷ്**

**ഉത്തരം**
**ശ്രീ. കെ.എം. മാണി**
**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

(എ) ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടമുണ്ടോ; ഇല്ലെങ്കിൽ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(എ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന് ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടങ്ങൾ ഇല്ല. കെട്ടിട നിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല.

(ബി) സംസ്ഥാന ലോട്ടറി വകുപ്പ് എത്ര ലോട്ടറികളാണ് ഒരാഴ്ചയിൽ വില്പന നടത്തുന്നത്; ഓരോ ലോട്ടറിയും എത്ര ലക്ഷം ടിക്കറ്റുകളാണ് അച്ചടിക്കുന്നത്; ഈ ടിക്കറ്റുകൾ ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ മതിയായ സംരക്ഷണയിലാണോ സൂക്ഷിക്കുന്നത്; എല്ലാ ജില്ലാ ഓഫീസുകളിലും രാത്രികാല കാവൽ ജോലിക്ക് പ്രത്യേകം ആളെ നിയമിച്ചിട്ടുണ്ടോ;

(ബി) ഭാഗ്യക്കുറി വകുപ്പ് ആഴ്ചയിൽ 7 പ്രതിവാര ഭാഗ്യക്കുറികളുടെ നറുക്കെടുപ്പുകൾ നടത്തുന്നു. പ്രസ്തുത ഭാഗ്യക്കുറികളുടെ വില്പന നറുക്കെടുപ്പ് തീയതിക്ക് 14 ദിവസം മുമ്പ് ആരംഭിക്കുന്നു. ആയതിനാൽ ആഴ്ചയിൽ പ്രതിവാര ഭാഗ്യക്കുറികളുടെ ഒന്നിൽകൂടുതൽ നറുക്കെടുപ്പുകളുടെ ടിക്കറ്റുകൾ വിൽക്കപ്പെടുന്നു. ഇതിനുപുറമേ ബമ്പർ ഭാഗ്യക്കുറിയും വിൽക്കപ്പെടുന്നു.

| ക്രമ നമ്പർ | ദിവസം | ഭാഗ്യക്കുറിയുടെ പേര് | അച്ചടിക്കുന്ന ടിക്കറ്റുകളുടെ എണ്ണം | മുഖവില |
|---|---|---|---|---|
| 1 | തിങ്കൾ | വിൻ - വിൻ | 45 ലക്ഷം | 20 രൂപ |
| 2 | ചൊവ്വ | ധനശ്രീ | 22.5 ലക്ഷം | 40രൂപ |
| 3 | ബുധൻ | അക്ഷയ | 45 ലക്ഷം | 20 രൂപ |
| 4 | വ്യാഴം | പ്രതീക്ഷ | 22.5 ലക്ഷം | 40 രൂപ |
| 5 | വെള്ളി | ഭാഗ്യനിധി | 45 ലക്ഷം | 20 രൂപ |
| 6 | ശനി | കാരുണ്യ | 22.5 ലക്ഷം | 50 രൂപ |
| 7 | ഞായർ | പൗർണ്ണമി | 45 ലക്ഷം | 20 രൂപ |

ടിക്കറ്റുകൾ ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ മതിയായ സംരക്ഷണയിലാണ് സൂക്ഷിക്കുന്നത്. സിവിൽ സ്റ്റേഷൻ കെട്ടിടങ്ങളിൽ സ്ഥിതി ചെയ്യുന്ന, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ ഒഴികെ വകുപ്പിന്റെ എല്ലാ ഓഫീസുകളിലും രാത്രികാല കാവൽ ജോലിയ്ക്ക് ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | 2013 ജനുവരി 31 വരെ ഭാഗ്യക്കുറി വകുപ്പിൽ എത്ര രൂപ ലാഭം ഉണ്ടായിട്ടുണ്ട്; | (സി) | 2012-13 സാമ്പത്തിക വർഷത്തെ ലാഭം കണക്കാക്കുന്നത് 01.04.2012 മുതൽ 31.03.2013 വരെയുള്ള വരവ് ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിലാണ്. താൽക്കാലിക കണക്കുകൾ പ്രകാരം, ഈ സാമ്പത്തിക വർഷം ജനുവരി 31 വരെ ഏകദേശം 536.98 കോടി രൂപ ലാഭം (Non Tax Revenue) ഉണ്ടായിട്ടുണ്ട്. |
| (ഡി) | ഭാഗ്യക്കുറി വകുപ്പിൽ ആകെയുള്ള സ്ഥിരം ജീവനക്കാർ എത്ര; അച്ചടിക്കപ്പെടുന്ന ടിക്കറ്റുകൾ കൃത്യമായി വില്പന നടത്തുന്നതിനും സമ്മാന വിതരണം നടത്തുന്നതിനും നിലവിലുള്ള ജീവനക്കാർ പര്യാപ്തമാണോ; ഇല്ലെങ്കിൽ പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുമോ? | (ഡി) | ഭാഗ്യക്കുറി വകുപ്പിലെ സ്ഥിരം ജീവനക്കാരുടെ എണ്ണം - 481.<br>2/2/2013 ലെ G.O.(MS) No. 17/2013/TD പ്രകാരം പുനലൂർ, കട്ടപ്പന, താമരശ്ശേരി എന്നിവിടങ്ങളിൽ താലൂക്ക് ഓഫീസുകൾ തുടങ്ങുന്നതിനും ഇതിലേയ്ക്കായി 3 അസിസ്റ്റന്റ് ജില്ലാ ഭാഗ്യക്കുറി ഓഫീസർ, 3 ജൂനിയർ സൂപ്രണ്ട്, 6 എൽ.ഡി.സി, 3 ഓഫീസ് അറ്റൻഡന്റ് എന്നിങ്ങനെ 15 തസ്തികകൾ സൃഷ്ടിച്ചു.<br>ഇതു കൂടാതെ 5-7-2012-ലെ G.O.(Rt.) No. 484/12/TD പ്രകാരം 84 ക്ലാർക്കുമാരേയും 16 ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 179 ദിവസത്തേയ്ക്ക് നിയമനം നൽകുന്നതിന് ലോട്ടറി ഡയറക്ടർക്ക് അനുമതി നല്കിയിരുന്നു. ഇനിയും കൂടുതൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.